പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3621 — 20.10.2016 ൽ മറുപടിക്ക്

**കേരളത്തിൽ നിലവിൽ സംഭവിച്ചിട്ടുള്ള ട്രെയിൻ അപകടങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ടി.എ. അഹമ്മദ് കബീർ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ നിലവിൽ സംഭവിച്ചിട്ടുള്ള ട്രെയിൻ അപകടങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് റയിൽവേയുമായും കേന്ദ്ര സർക്കാരുമായും ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടുണ്ടോ;<br><br>(ബി) നിലവിലെ കോച്ചുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനും പാളങ്ങളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമായി റയിൽവേയും കേന്ദ്ര സർക്കാരുമായും ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;<br><br>(സി) പാളങ്ങളുടെ നിരീക്ഷണത്തിനും മറ്റുമായി റയിൽവേയിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലെന്നുള്ള വിവരം കേന്ദ്ര സർക്കാരിനെ | (എ) യും (ബി) യും (സി) യും കേരളത്തിലെ ട്രെയിനുകളുടെയും യാത്രക്കാരുടെയും സുരക്ഷ സംബന്ധിച്ച് തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാരിന്റെ അടിയന്തിര ഇടപെടലിനായി അഭ്യർത്ഥിച്ചിട്ടുണ്ട്. ചെറുവത്തൂർ കറുകുറ്റി, കരുനാഗപള്ളി എന്നീ റെയിൽ അപകടങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിലെ റെയിൽവേ ട്രാക്കുകളുടേയും കോച്ചുകളുടേയും സുരക്ഷിതത്വം ഇല്ലായ്മയുടേയും സ്ഥിതി സംബന്ധിച്ച് വകുപ്പ് മന്ത്രി 28.08.2016, 30.08.2016, 20.09.2016 എന്നീ തീയതികളിലും ബഹു. മുഖ്യമന്ത്രി 24.09.2016 ലും റെയിൽവേ മന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. കറുകുറ്റിയിലും കരുനാഗപള്ളിയിലും ട്രെയിനുകൾ പാളം തെറ്റിയ സംഭവങ്ങളിൽ നിലവിലുള്ള പാളങ്ങളുടെ അറ്റകുറ്റപണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും റെയിൽവേ എഞ്ചിനീയർമാരുടെ സംഘടന തിരുവനന്തപുരം ഡിവിഷനിൽ 202 പോയിന്റുകളിൽ കണ്ടെത്തിയ ഗുരുതരമായ വിള്ളലുകൾ അടിയന്തിരമായി പരിഹരിക്കുന്നതിനും കാലഹരണപ്പെട്ട കോച്ചുകളും വാഗണുകളും ട്രാക്കുകളും സിഗ്നലിംഗ് സംവിധാനങ്ങളും മാറ്റുന്നതിനും പാതഇരട്ടിപ്പിക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഹൈടെക്ക് കോച്ചുകൾ കേരളത്തിൽ ഓടുന്ന തീവണ്ടികളിൽ ഏർപ്പെടുത്തുന്നതിനും വേണ്ടി പ്രസ്തുത വിവരം |

| | |
|---|---|
| അറിയിച്ചിട്ടുണ്ടോ;ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ? | ചൂണ്ടിക്കാട്ടി വകുപ്പ് മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് 28.08.2016, 30.08.2016, 20.09.2016 എന്നീ തീയതികളിൽ കത്തയച്ചിട്ടുണ്ട്. കാലഹരണപ്പെട്ട കോച്ചുകൾ മാറ്റുന്നതിനും റെയിൽവേ ലൈനുകളുടെ തേയ് മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പുതിയ തലമുറയിൽപ്പെട്ട എൽ.എച്ച്.ബി കോച്ചുകൾ (Linke Hofmann Busch coaches) അനുവദിക്കുന്നതിനും നിർമ്മാണ ഫാക്ടറികളിൽ നിന്നുതന്നെ കോച്ചുകൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ക്വാട്ട അനുവദിക്കുന്നതിനും വേണ്ടി ബഹു. മുഖ്യമന്ത്രി 24.09.2016 ൽ കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഇതു കൂടാതെ വൃത്തിഹീനമായ കോച്ചുകൾ വൃത്തിയാക്കുക, യാത്രക്കാർക്ക് അടിസ്ഥാന ആവശ്യങ്ങൾ വർദ്ധിപ്പിക്കുക, പാത ഇരട്ടിപ്പിക്കൽ വൈദ്യുതീകരണ ഗേജ്മാറ്റ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുക ,സർവ്വേ പൂർത്തിയാക്കിയ റെയിൽ പാതകളുടെ പണി ആരംഭിക്കുക, ഗ്രാമ പ്രദേശങ്ങളിലെ സ്റ്റേഷനുകൾ ഉൾപ്പെടെ വിവിധ റെയിൽവേ സ്റ്റേഷനുകളുടെ നവീകരണം, പെനിൻസുലാർ റെയിൽവേ സോൺ, ചാർജ്ജ് വർദ്ധന പിൻവലിക്കുക, യാത്രക്കാരുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങളും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ പുന:പരിശോധന നടത്തുന്നതിനും നിലവിലെ സ്ഥിതിയിൽ പുരോഗതി ഉണ്ടാവുന്നതിന് വേണ്ടിയും യാത്രക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് വേണ്ടിയും സർക്കാർ ഈ വിഷയം അടിയന്തിര പ്രാധാന്യം നൽകി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ